# വട്ടെഴുത്തു പരിചയം

## ക്രെഡിറ്റ് - 3
## ചരിത്രപഠന സ്കൂൾ
## കോഴ്സിന്റെ ക്രമനമ്പർ
## SKILL ENHANCEMENT

## ആമുഖം

ലിഖിതവിജ്ഞാനീയം എന്ന വിഷയം പരിചയപ്പെടുന്നതിലൂടെ ഒരു പ്രദേശത്തെ പ്രാചീന ലിപികളെമനസ്സിലാക്കാനും അതുവഴി പ്രസ്തുത പ്രദേശത്തിന്റെ പ്രാചീന ചരിത്രം ഗ്രഹിക്കുവാനും വിദ്യാർത്ഥിക്ക് സാധിക്കുന്നു. ഈ കോഴ്സുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രാചീന ലിപികളായ വട്ടെഴുത്ത്, കോലെഴുത്ത് ഗ്രന്ഥാക്ഷരം തുടങ്ങിയവയുടെ ചരിത്രപശ്ചാത്തലം പഠിപ്പിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.കൂടാതെ കേരളത്തിൽ കൂടുതലായി പ്രചരിച്ചിരുന്ന വട്ടെഴുത്തുലിപി പരിചയപ്പെടാനും ശിലകളിൽ കാണുന്ന ഈ ലിപി വായിച്ചെടുക്കുന്നതിന് ഉള്ള പരിശീലനവും കോഴ്സിന്റെ ഭാഗമാണ്.കേരളത്തിൽ ലിഖിത വിജ്ഞാനീയത്തിൻ്റെ ചരിത്ര പശ്ചാത്തലം എങ്ങനെ എന്ന് അറിയുവാനും ഈ ശാഖയ്ക്ക് അടിത്തറ പകർന്ന പണ്ഡിതന്മാരെ പരിചയപ്പെടുവാനുമുള്ള അവസരം ലഭ്യമാക്കാൻ ഈ കോഴ്സിന് കഴിയും.ഉന്നത പഠനങ്ങളിലേക്കുള്ള ചുവടുവെപ്പ് എന്ന നിലയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ട്രാവൻകൂർ

ആർക്കിയോളജിക്കൽ സീരീസ് പോലെയുള്ള ഗ്രന്ഥങ്ങളെ അടുത്തറിയാൻ ഒരു വിദ്യാർത്ഥിക്ക്അവസരം ഒരുക്കുന്നു.

**ലക്ഷ്യങ്ങൾ**

- കേരളത്തിലെ പ്രാചീനലിപികളായ വട്ടെഴുത്ത്,കോലെഴുത്ത്,ഗ്രന്ഥാക്ഷരം എന്നിവയുടെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കുക
- വട്ടെഴുത്ത് ലിപി പരിശീലിക്കുക
- ശിലാലിഖിതവായന സ്വന്തമായി പരിശീലിക്കുന്നതിലൂടെ മധ്യകാല കേരള ചരിത്ര പുനർനിർമ്മിതി സാധ്യമാക്കുക
- പ്രാചീന മധ്യകാല ചരിത്രപഠനങ്ങളിൽ വിദ്യാർത്ഥികളുടെ താല്പര്യം വളർത്തിയെടുക്കുക

**കോഴ്സ് ഔട്ട്കം**

1. കേരളത്തിൽ പ്രചരിച്ചിരുന്ന വട്ടെഴുത്ത് സ്വന്തമായി എഴുതുവാനും വായിക്കുവാനും വിദ്യാർഥികൾ പ്രാപ്തരാകുന്നു
2. ശിലാപ്രതലത്തിൽ കാണപ്പെടുന്ന വട്ടെഴുത്ത് വായിക്കുവാൻ പ്രത്യേക വൈദഗ്ധ്യം നേടാൻ വിദ്യാർത്ഥിക്ക് സാധിക്കുന്നു
3. സിലാ ലിഖിതം മുദ്രപ്പകർപ്പെടുത്താൻ വിദ്യാർത്ഥി പ്രാപ്തി നേടുന്നു
4. ലിഖിതവിജ്ഞാനീയത്തിൻറെ ബാലപാഠങ്ങൾ മനസ്സിലാക്കുന്ന വിദ്യാർത്ഥികൾക്ക് ഭാവിയിൽ

ഗവേഷണത്തിനും മറ്റും ഈ അറിവ് പ്രയോജനപ്പെടുത്താം

5. പുരാരേഖാ വകുപ്പ്, മ്യൂസിയം മുതലായ സ്ഥാപനങ്ങളിൽ തൊഴിൽ നേടാൻ ഈ പഠനം ഉപകരിക്കും

50 MARK TOTAL

യൂണിറ്റ് 1

**എഴുത്തിൻറെ ചരിത്രം**

ലിപികൾ - ക്യൂണിഫോം -ഹൈറോഗ്ലിഫിക്സ് - സൈന്ധവലിപി - ബ്രാഹ്മി ലിപി

Question answering - 10 MARKS (EV)

യൂണിറ്റ് 2

**എപ്പിഗ്രഫിപഠനം - പ്രാരംഭ ഘട്ടം**

ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് ഒരു പരിചയം - ടി എ ഗോപിനാഥറാവു - ഇളംകുളം കുഞ്ഞൻപിള്ള - എം.ജി.എസ് നാരായണൻ

EXAMINATION - 20 MARKS (RE)

യൂണിറ്റ് 3

**കേരളത്തിലെ പ്രാചീനലിഖിത പരിചയം**

വട്ടെഴുത്ത് - മുദ്രപ്പകർപ്പ് (ESTAMPAGE)
DETATION - 10 MARKS (AP)
യൂണിറ്റ് 4
**പ്രായോഗിക പരിശീലനം**
വട്ടെഴുത്തിൽ നിന്നും മലയാളത്തിലേക്കും
മലയാളത്തിൽ നിന്നും വട്ടെഴുത്തിലേക്കും ഉള്ള
ലിപ്യന്തരണം -ലിഖിതവായന (മുദ്രപ്പകർപ്പ് വായന)

ESTAMPAGE READING - 10 MARKS (AP)

ഗ്രന്ഥസൂചി

**മലയാളം**

രാഘവവാരിയർ, എം. ആർ.സിന്ധു ലിപി പഠനം ഇതുവരെ, മാതൃഭൂമി, കോഴിക്കോട്, 2013.

രാഘവ വാരിയർ എം ആർ എഴുത്തിന്റെ ആരംഭം സാഹിത്യപ്രവർത്തകസഹകരണ സംഘം കോട്ടയം 2015

**English**

Gopinath Rao,T.A, Travancore Archaeological Series, Government of Kerala.

Narayanan MGS, Perumals of Kerala, Cosmo Books, Thrissur, 2013.

Raghava Varier, M.R, Kerala Archaeological Series, Archaeological Survey of India, New Delhi, 2021.